പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 223 **12-10-2026-ൽ മറുപടിയ്ക്ക്**

<u>തലശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ തലശ്ശേരി ജനറൽ ആശുപത്രിയെ ദിനംപ്രതി ആശ്രയിക്കുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നതിനാലും ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫുകളുടെ എണ്ണം മതിയാകാത്ത സാഹചര്യം നിലവിലുള്ളതിനാലും പ്രസ്തുത ആശുപത്രിയിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> 23.12.2025 തീയതിയിലെ സ.ഉ.(കൈ)നം 436/2025/H&FWD പ്രകാരം തലശ്ശേരി ജനറൽ ആശുപത്രിയിൽ കൺസൽട്ടന്റ് (നെഫ്രോളജി) - 1, ജൂനിയർ കൺസൽട്ടന്റ് (ഫോറൻസിക് മെഡിസിൻ) 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് .

കിഫ്ബി നിർമ്മാണ പ്രവർത്തി പൂർത്തിയാകുന്ന മുറയ്ക്ക് IPHS മാനദണ്ഡം അനുസരിച്ച് രോഗികളുടെ സാന്ദ്രത, നിലവിലുള്ള ജീവനക്കാരുടെ ലഭ്യത, സേവന കേന്ദ്രങ്ങളുടെ പ്രവർത്തനക്ഷമത തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി ഗ്യാപ്പ് അനാലിസിസ് നടത്തി വിശദമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ